Santhigiri

ഗുരുവാണി

"ഭൗതികവും ആത്മീയവും പോലും കാലാനുസൃതം പരിഷ്കരിച്ചാണ് വന്നിരിക്കുന്നത്. ഭൗതികം, ആത്മീയം എന്ന് രണ്ടായി വകതിരിച്ച് പറഞ്ഞിരിക്കുന്നതുകൊണ്ട് രണ്ടും രണ്ടാണ് എന്നർത്ഥമില്ല. ചില തിരിച്ചറിവുകൾ കിട്ടുന്നതിനുവേണ്ടി അങ്ങനെ പറഞ്ഞുവെന്നേയുള്ളൂ. എന്തെന്നാൽ ഭൗതികമായ ഈ ശരീരം തന്നെയാണ് ആത്മീയത്തിനും നിദാനമായിരിക്കുന്നത്. "

# ഉമ്മിണിത്തങ്കം

VOL 03 | ISSUE 51 | 2017 നവംബർ 26 | 1193 വൃശ്ചികം 11

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# 'പാഥേയ'ത്തിൽ കേരളത്തിന്റെ വിപ്ലവനായകന്മാർ



ഇ.എം.എസ്



പി. കൃഷ്ണപിള്ള



എ.കെ.ജി



ഇ.കെ. നായനാർ

**തിരുവനന്തപുരം:** നവകേരള ശില്പികളിൽ പ്രധാനികളായ ഇ.എം.എസ്, പി. കൃഷ്ണപിള്ള, എ.കെ.ജി തുടങ്ങിയവരുടെ ജീവിതസമരകഥ അനാവരണം ചെയ്യുന്ന 'പാഥേയം' പ്രഭാഷണ പരിപാടി നവംബർ 27 മുതൽ ആരംഭിക്കും. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.45 മുതൽ ഏഴു മണി വരെയാണ് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഏഷ്യനെറ്റ് ചാനലിൽ ഈ പരിപാടി അവതരിപ്പിക്കുന്നത്. നവകേരളത്തിന്റെ ആശയങ്ങൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും മുഖ്യപങ്കു വഹിച്ച ഇ.എം.എസ് നമ്പൂതിരിപ്പാടിനെക്കുറിച്ചുള്ള എപ്പിസോഡാണ് ആദ്യം സംപ്രേക്ഷണം ചെയ്യുന്നത്. നവംബർ 27, 28, 29 തിങ്കൾ, ചൊവ്വ, ബുധൻ തിയതികളിലാണ് ഇ.എം.എസിനെ അവതരിപ്പിക്കുന്നത്.

കാലത്തേയും ചരിത്രത്തേയും തനിക്കൊപ്പം നടത്തിയ രാഷ്ട്രീയ താത്ത്വികാചാര്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാട്, പണത്തിനും അധികാരങ്ങൾക്കും മറ്റു വ്യക്തിതാല്പര്യങ്ങൾക്കുമപ്പുറത്ത് വായനയുടേയും, ചിന്തയുടേയും യുക്തിയുടേയും തലങ്ങളിലുള്ള വലിയൊരു ധൈഷണിക വ്യവഹാരമാണ് രാഷ്ട്രീയം എന്ന് തെളിയിച്ച വ്യക്തിത്വമാണ്. ജനാധിപത്യപ്രക്രിയയിലൂടെ തിരഞ്ഞെടുക്കപ്പെട്ട ലോകത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ തലവനെന്ന നിലയിലും ചരിത്രകാരൻ, മാർക്സിസ്റ്റ് തത്ത്വശാസ്ത്രജ്ഞൻ, സാമൂഹിക പരിഷ്ക്കർത്താവ് എന്നീ നിലകളിലും പ്രശസ്തനായ ഇ.എം.എസ്, ആധുനിക കേരളത്തിന്റെ ശിൽപികളിൽ പ്രധാനിയാണ്. ആശയങ്ങൾ രൂപീകരിക്കുന്നതിലും, അത് പ്രയോഗത്തിൽ വരുത്തുന്ന കാര്യത്തിലും ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം കേരളത്തിലെ ജനകീയാസൂത്രണ പദ്ധതിയുടെ മുൻനിരക്കാരിലൊരാളുമായിരുന്നു.

നവംബർ 30 വ്യാഴാഴ്ചയിലെ പാഥേയം, ത്യാഗം മൂലധനമാക്കിയ കമ്യൂണിസ്റ്റ് നേതാവ് സഖാവ് പി. കൃഷ്ണപിള്ളയെക്കുറിച്ചാണ്. കമ്മ്യൂണിസ്റ്റ് പ്രവർത്തകർക്കിടയിൽ 'സഖാവ്' എന്ന് ബഹുമാനപുരസ്സരം അറിയപ്പെട്ടിരുന്ന പി. കൃഷ്ണപിള്ള കേരളത്തിലെ 'ആദ്യത്തെ കമ്മ്യൂണിസ്റ്റ്' എന്നു വിശേഷിപ്പിക്കപ്പെടുന്നു. ആദ്യകാല നേതാക്കളെപ്പോലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായിരുന്ന കൃഷ്ണപിള്ള, പിന്നീട് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിൽ മുൻകൈയ്യെടുത്തു. അതിലെ ഇടതുപക്ഷനിലപാടുള്ളവരെ സംഘടിപ്പിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (CPI) യുടെ കേരളഘടകത്തിന് രൂപം നൽകുകയും നേതൃനിരയിലെത്തുകയും ചെയ്തു. 42-ാം വയസ്സിൽ അന്തരിച്ച അദ്ദേഹം കേരളം കണ്ട മികച്ച സംഘാടകരിൽ ഒരാളായി അറിയപ്പെടുന്നു.

ഡിസംബർ 4, 5, 6 തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ പാവങ്ങളുടെ പടത്തലവനായ എ.കെ.ജിയെക്കുറിച്ചും 7, 8 വ്യാഴം, വെള്ളി തിയതികളിൽ നർമ്മവും കർമ്മവും കോർത്തിണക്കിയ മുൻമുഖ്യമന്ത്രി ഇകെ നായനാരെക്കുറിച്ചുമാണ് പാഥേയം സംസാരിക്കുന്നത്. അവശതയനുഭവിക്കുന്ന ഒരു ജനതക്കുവേണ്ടി നടത്തിയ പോരാട്ടങ്ങളെ കണക്കിലെടുത്ത് ഏവരും ബഹുമാനപൂർവ്വം 'പാവങ്ങളുടെ പടത്തലവൻ' എന്നു വിശേഷിപ്പിച്ച നേതാവാണ് ആയില്യത്ത് കൂട്ട്യേരി ഗോപാലൻ നമ്പ്യാർ എന്ന എകെജി. സ്വാതന്ത്ര്യ സമരസേനാനി, ലോക്സഭയിലെ ആദ്യ പ്രതിപക്ഷ നേതാവ്, സാമൂഹിക പ്രവർത്തകൻ, തൊഴിലാളി നേതാവ്, ഇന്ത്യൻ കോഫി ഹൗസിന്റെ സ്ഥാപകൻ എന്നീ മേഖലകളിൽ തിളങ്ങിയ എകെജി പക്ഷെ ഒരിക്കലും അധികാര സ്ഥാനങ്ങളിൽ ഇരുന്നിട്ടില്ല. സി.പി.എം. രൂപീകരിച്ചതിനു ശേഷം പാർട്ടി ഭരണത്തിൽ എത്തിയപ്പോഴും അദ്ദേഹം സമരവഴിയിലായിരുന്നു. ഇന്ത്യയിൽ ആദ്യമായി കരുതൽ തടങ്കൽ നിയമപ്രകാരം തടവിലായ വ്യക്തിയും എ.കെ.ജിയാണ്. ഒരു നാടുവാഴി തറവാട്ടിൽ ജനിച്ചുവെങ്കിലും, എകെജിയുടെ മനസ്സ് എന്നും കഷ്ടപ്പെടുന്ന തൊഴിലാളികളുടേയും, അവശതയനുഭവിക്കുന്ന സാധാരണക്കാരുടേയും കൂടെയായിരുന്നു. കുറിക്കുകൊള്ളുന്ന വിമർശനത്തിനും നർമ്മത്തിനും പ്രശസ്തനായിരുന്ന മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ ഒരു കാലഘട്ടത്തിൽ കേരള രാഷ്ട്രീയ സാമൂഹിക മേഖലകളിൽ തിളങ്ങിനിന്ന വ്യക്തിത്വമാണ്.

ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ ആവേശമായിരുന്ന ഈ ജനനായകരെക്കുറിച്ചുള്ള പാഥേയം പ്രോഗ്രാം മഹാന്മാരുടെ ത്യാഗജീവിതം പുതുതലമുറയെ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്.




സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എ.കെ.ജി ഭവനുമുന്നിൽ നടന്ന പാഥേയം ചിത്രീകരണത്തിനിടെ

## ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുന:ക്രമീകരിച്ചു

**സ്പിരിച്വൽ സോൺ:** ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുന:ക്രമീകരിച്ചു. നവംബർ 18 നു ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗത്തിൽ പുതിയ ലിസ്റ്റ് അവതരിപ്പിച്ചു. ഡിപ്പാർട്ട്മെന്റ്, ഡിവിഷൻ, യൂണിറ്റ്, സോണൽ, റീജിയണൽ, ഏരിയ ചുമതലക്കാർക്ക് മാറ്റമുണ്ട്.

പുതിയ ചുമതലക്കാരുടെ പേരുവിവരങ്ങൾ ഉമ്മിണിത്തങ്കത്തിന്റെ മൂന്നാം പേജിൽ വായിക്കാം.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

യുഗാന്തരങ്ങളായി വന്ന മഹാത്മാക്കൾക്കു കിട്ടാത്ത വിഷയമാണ് നിങ്ങളിൽക്കൂടി, ഒന്നും അറിയാൻ വയ്യാത്ത യാതൊന്നും കേട്ടുപരിചയമോ കണ്ടുപരിചയമോ ഇല്ലാത്ത നിങ്ങളിൽക്കൂടി വരുത്തിയിരിക്കുന്നത്. ഈ വിഷയം ബ്രഹ്മേച്ഛയിൽ കിട്ടിയതാണ്. ആ ഇച്ഛ മാനിച്ചെടുക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലെങ്കിൽ നിങ്ങളിൽ എന്നല്ല, നിങ്ങളുടെ പരമ്പരയിൽ നിന്നുതന്നെ ഇതു മാറിപ്പോകും. നിങ്ങളുടെ പരമ്പരയ്ക്ക് അതുമൂലം വലിയ അപകടങ്ങളുണ്ടാകും. നിങ്ങൾ, പറയുന്നത് പറയുന്നതുപോലെയേ പ്രവർത്തിക്കാവൂ. പ്രത്യേകിച്ച് ഗുരുപൂജ ചെയ്തവർ പറയാത്തതോ അനുവാദമില്ലാത്തതോ ചെയ്യരുത്. ചെയ്യണ്ട എന്നുപറയുന്ന കാര്യത്തിൽ ബുദ്ധി ഒരിക്കലും പ്രയോഗിക്കരുത്. ബുദ്ധി പ്രയോഗിച്ചാൽ സംഭവിക്കുന്നത് എന്തൊക്കെയാണെന്നു ചിന്തിക്കാൻപോലും കഴിയുകയില്ല. വാക്ക് അനുസരിക്കാത്ത ഓരോ വ്യക്തിക്കും ഓരോ വീടിനും എന്തൊക്കെ സംഭവിച്ചിരിക്കുന്നു എന്ന് നിങ്ങൾക്കുതന്നെ ബോധ്യമുണ്ടല്ലോ. പ്രസ്ഥാനത്തിനു ദോഷം ചെയ്യാത്തവരുടെ വീടുകളിൽപോലും അനുസരണയില്ലാതെ വന്നതുകൊണ്ട് വിഷമങ്ങൾ സംഭവിച്ചിരിക്കുന്നു. ലോകത്താർക്കും ഇന്നോളം കിട്ടിയിട്ടില്ലാത്ത കാര്യമാണ് നിങ്ങൾക്ക് തന്നിരിക്കുന്നത്. അതായത് യുഗാന്തരങ്ങളിലൂടെ സംഭവിച്ചിരിക്കുന്ന തെറ്റ് തിരുത്തുന്ന കർമ്മം. അതാണ് നിങ്ങളെക്കൊണ്ട് നിവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നത്.

ആദ്യം നിങ്ങളുടെ പോരായ്മകൾ മാറ്റുകയായിരുന്നു. ഉടൻ അത് ലോകത്തുനിന്നും മാറ്റാനും അവകാശപ്പെടുത്തി. അതിൽ ആരെല്ലാം ബുദ്ധി കടത്തിയോ അവർക്കെല്ലാം ദോഷങ്ങൾ വന്നുകയറി. ഇവിടുന്ന് മനസുകൊണ്ട് ഒരിക്കലും അകന്നുപോവുകയില്ല എന്നു വിചാരിച്ചവരാണ് ആദികാലത്ത് എന്നോടൊപ്പമുണ്ടായിരുന്നവരും ഈ നാട്ടുകാരും. പക്ഷെ വേണ്ടാത്തതു പ്രവർത്തിച്ചപ്പോൾ സ്വയം അങ്ങു നീങ്ങിപ്പോയി. ആരും ഒന്നും പറഞ്ഞിട്ടല്ല. കൊന്നാലും പോവുകയില്ല എന്നുപറഞ്ഞവരാണ്. അങ്ങനെയൊക്കെ സംഭവിക്കാൻ ഞാൻ എന്തുചെയ്തു? എന്നിൽ ആരെങ്കിലും എന്തെങ്കിലുമൊരു തെറ്റു കണ്ടിട്ടാണോ? ഇത് നിങ്ങളെ ഏല്പിച്ചിരിക്കുന്നതാണ്. നിങ്ങൾക്കിതു നേരെകൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ എനിക്കെന്തു ചെയ്യാൻ കഴിയും?

ഗുരുപൂജ ചെയ്തിട്ടുള്ള വീടുകളിലും ഒന്നുമറിയാതെ സ്നേഹപ്പെട്ടു ജീവിക്കുന്നവരുടെ വീടുകളിലും ഇനിയങ്ങോട്ട് ചില ജനനങ്ങൾ ഉണ്ടാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുള്ള കർമങ്ങളൊക്കെ ഇവിടെ നടത്തി പൂർത്തീകരിച്ചിട്ടുണ്ട്. 1995 നുശേഷം ഗുരുപൂജ ചെയ്ത വീടുകളിൽ മാറ്റിനിർത്തപ്പെട്ടിരിക്കുന്ന നല്ല പിതൃക്കൾ അഞ്ച്, ഏഴ് വർഷത്തിനകത്ത് ജന്മം എടുക്കാൻ തുടങ്ങും. അങ്ങനെയുള്ള ജന്മങ്ങൾ നമ്മുടെ വീടുകൾക്കുവേണ്ടി എന്നതിലുപരി ലോകത്തിനുവേണ്ടിയാണ് വരുന്നത്. അതാണു പറയുന്നത് നിങ്ങൾ ഒന്നും ചെയ്ത് ഇതിനെ ചീത്തയാക്കരുത്. ഒന്നും അറിയാൻ വയ്യാത്തവരാണെങ്കിലും ആ ദൈവനിശ്ചയം നിങ്ങളിൽ നടക്കട്ടെ.

നേർച്ചകാഴ്ചകൾ കൊടുത്ത് ദൈവത്തിനെ വിളിച്ച പരമ്പരയാണ് നിങ്ങളുടേത്. നിങ്ങൾക്ക് ഒന്നിനെപ്പറ്റിയും വിവരമില്ല. നിങ്ങൾ ഏതിനെയും നിസാരമായി കണ്ടുപരിചയിച്ചവരാണ്. ഒരു സന്ന്യാസിക്കോ ഒരു ഋഷിക്കോ കിട്ടുന്നതിനേക്കാൾ തെളിച്ചം നിങ്ങൾ, ഗൃഹസ്ഥാശ്രമികൾക്കു കിട്ടുകയാണ്. എന്തുകൊണ്ടിതു കിട്ടുന്നുവെന്നോ താൻ ഇതെങ്ങനെ ജീവിച്ചെടുക്കണമെന്നോ ഒന്നും നിങ്ങൾക്കറിയില്ല. നിങ്ങളെപ്പോലെതന്നെ നിങ്ങളുടെ വീടുകളിൽ നിന്ന് ഇവിടെ വന്നുനില്ക്കുന്ന കുട്ടികളുണ്ട്. നിങ്ങൾതന്നെ അവരെ മാന്യമായി പറഞ്ഞുധരിപ്പിച്ചില്ലെങ്കിൽ നിങ്ങളെപ്പോലെ തന്നെ അവരും ചീത്തയാകും.

*ദൈവവചനം എന്തെന്നു കേട്ടറിഞ്ഞ് അതിൽ മുങ്ങി പ്രവർത്തിക്കേണ്ടവരാണ് നിങ്ങൾ. ചെറിയ ചെറിയ ബുദ്ധി വച്ചു പ്രവർത്തിച്ച് അവിടവിടെ വീണ് അഴുകിപ്പോകേണ്ടവരല്ല.* പല കാലങ്ങളായി അനവധി മഹാത്മാക്കളെ നിങ്ങൾക്കുവേണ്ടി ദൈവം ഭൂമിയിലേക്ക് പറഞ്ഞയച്ചു. ബുദ്ധിമോശം കൊണ്ടോ കർമ്മദോഷം കൊണ്ടോ നിങ്ങൾക്ക് അവരുടെ ആശയത്തെ എടുക്കാൻ കഴിഞ്ഞില്ല. വന്നുപോയ കാലഘട്ടങ്ങൾ വളരെ നീണ്ടതാണ്. ഇനി വരാനിരിക്കുന്ന കാലഘട്ടങ്ങളും വളരെ നീണ്ടതാണ്. ഈ നീണ്ട കാലഘട്ടങ്ങളിലെ കെടുതികളിലെ വിഷമതകളാണ് ഞാൻ അനുഭവിച്ചത്.

നിങ്ങൾ ഒറ്റപ്പെട്ടുപോകരുത്. ഒരച്ഛന്റെ മക്കളെപ്പോലെ നിങ്ങൾ വാഴണം എന്നാണ് എന്റെ ആഗ്രഹം. അങ്ങനെ ആഗ്രഹിക്കുകയല്ലാതെ സത്യത്തിന്റെ മുമ്പിൽ എനിക്കെന്തു ചെയ്യാൻ കഴിയും? ഒരിക്കലും നിങ്ങൾ വേദനിക്കുകയോ അപചയപ്പെടുകയോ ചെയ്യേണ്ടാത്തവിധം എല്ലാം ഞാൻ ചെയ്തുവച്ചിട്ടുണ്ട്. നിങ്ങൾ എല്ലാവരും സത്യത്തിന്റെ പ്രവർത്തകരാണ്. അങ്ങനെ ആയിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ബ്രഹ്മശക്തി നിങ്ങളിൽ കനിയട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

### വചനദീപ്തി

'ഓം പൂർണമദഃ പൂർണമിദം /പൂർണാത് പൂർണമുദച്യതേ
പൂർണസ്യ പൂർണമാദായ/പൂർണമേവാവശിഷ്യതേ'
ഓം ശാന്തി ശാന്തി ശാന്തി
**ഈശാവാസ്യോപനിഷത്ത്**

### സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2017 ഡിസംബർ 2 – ജ്യോതിപുരം
2017 ഡിസംബർ 5 – കരുണപുരം

### യാമപ്രാർത്ഥന

2017 നവംബർ 30 വ്യാഴം
രത്നഗിരി, ശാന്തിഗിരി ജംഗ്ഷൻ, ലക്ഷ്മിപുരം

## പ്രകാശപദം — അനുഭവത്തിന്റെ സൗന്ദര്യം

ഈശ്വരസങ്കല്പത്തിന് അനവധി പടവുകളുണ്ട്. അതിന് സൂക്ഷ്മതലങ്ങളിൽക്കൂടിയും അവരവരുടെ വ്യക്തിത്വത്തിലെ ദ്വൈതാദ്വൈതഭാവങ്ങളിൽക്കൂടിയും കടന്നുപോകണം. ഓരോരുത്തരുടെയും ജീവിതചര്യകളിൽത്തന്നെ അനവധി പടവുകളുണ്ട്. ആ പടവുകളുടെ അവസ്ഥാന്തരങ്ങളുടെ ബാഹ്യമായ വശങ്ങളെക്കുറിച്ച് പല മഹാന്മാരും പല രീതികളിൽ എഴുതിയിട്ടുണ്ട്. അനുഭവമുള്ളവർ അനുഭവങ്ങളിൽക്കൂടിയും അറിഞ്ഞിട്ടുണ്ട്.

ആത്മനിവേദനമാണ് അനുഭവത്തിന്റെ സൗന്ദര്യം. ഒരു മനുഷ്യൻ ദേവനാകുന്നതെങ്ങനെ, ഋഷിയാകുന്നതെങ്ങനെ, ജീവന്റെ ആ പ്രയാണചക്രം ത്രിമൂർത്തി അവസ്ഥയിലേക്ക് കടക്കുമ്പോൾ അതായത് ഒരു ഭക്തനു മാത്രം കടക്കാവുന്ന സന്നിധാനങ്ങളിലേക്ക് കടക്കുമ്പോൾ അവിടെ പ്രകാശത്തിന്റെ ചില മഹിമാതിരേകങ്ങൾ വരും. ആ പ്രകാശങ്ങളെയും കടന്നുപോകുന്നതെങ്ങനെ?

അതിന് യുഗാന്തരപുരുഷന്മാരും യോഗീശ്വരന്മാരും സന്ന്യാസിമാരും സാധാരണക്കാരായവ്യക്തിത്വങ്ങളും ഒരുപാട് വേദനകൾ അനുഭവിച്ചിട്ടുണ്ട്. ശ്രീകൃഷ്ണ പരമാത്മാവും ശ്രീശങ്കരനും നബിയും യേശുവും പറയിപെറ്റ പന്തിരുകുലത്തിലെ മഹാന്മാരും മറ്റനവധി ആചാര്യന്മാരും ഈ വേദന അനുഭവിച്ചവരാണ്.

ഒരു നൈഷ്ഠിക ബ്രഹ്മചാരി എന്താണ്. സന്ന്യാസി എന്താണ്, ഭക്തൻ എന്താണ്, യോഗി എന്താണ് എന്ന് ഈ പ്രകാശങ്ങളെക്കൊണ്ടും അവയുടെ ഗതികളെക്കൊണ്ടും തിരിച്ചറിയുന്നതാണ് ഗുരുമാർഗ്ഗം. ഇത്തരം ശ്രേഷ്ഠതകളില്ലാതെ തന്നെ ഇതൊക്കെ തിരിച്ചറിയാം, അന്ധമായ വിശ്വാസവും പ്രാർത്ഥനയുടെ ഒരുമയും ഉണ്ടെങ്കിൽ. ഇതൊക്കെ തിരിച്ചറിഞ്ഞ് നിർന്നിമേഷരായി ഗുരുവിനെ പൂജിക്കുന്ന എത്രയോ ഗൃഹസ്ഥാശ്രമികൾ ശാന്തിഗിരിയിൽ ഉണ്ട്.

ഒരു കളങ്കവുമില്ലാതെ ലയനാത്മകമായ പ്രകാശത്തിൽ എത്തിച്ചേരാൻ ആർക്കും കഴിയില്ല. എന്നാൽ കാലങ്ങളെ കണ്ടു തെളിഞ്ഞു നില്ക്കുന്ന ഗുരുവിനോടുള്ള നിഷ്കളങ്കമായ സ്നേഹം ഒന്നുകൊണ്ടു മാത്രം ചിട്ടയായ ഭക്തിയോ ഇച്ഛാനുസരണമായ ജീവിതക്രമങ്ങളോ ഇല്ലാത്ത സാധാരണക്കാരന് പ്രകാശത്തിന്റെ മഹിമാതിരേകങ്ങളിലൂടെ കടന്നുപോകാൻ സാധിക്കും.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

## ഒരു പ്രാർത്ഥന



അനവദ്യസുന്ദരങ്ങളായ സ്വപ്നങ്ങൾ നെയ്തും മാസ്മരികമായ ഈ ലോകത്തിന്റെ ഭൗതിക സൗന്ദര്യത്തിൽ ലയിച്ചും ലൗകിക സുഖഭോഗങ്ങളിൽ തിമിർത്തും ജീവിച്ചിട്ട്, വേദനിക്കുമ്പോൾ മാത്രം ഈശ്വരനെ പഴിപറയുന്നവരാണ് നമ്മൾ! നിസാരന്മാരായ മനുഷ്യർ!! ഞങ്ങളെ നന്നാക്കിയെടുക്കാൻ ഗുരോ, അങ്ങനുഭവിക്കുന്ന വേദനയുടെ പതിനായിരത്തിലൊരംശമെങ്കിലുംമനസിലാക്കിയിരുന്നെങ്കിൽ അതിനായി ഒരു ചെറുവിരലെങ്കിലും അനക്കിയിരുന്നെങ്കിൽ അത് അങ്ങേയ്ക്ക് ആശ്വാസം പകരുമായിരുന്നല്ലോ! ഗുരുവാണികളിൽ അന്തർലീനമായിരിക്കുന്ന അന്ത:സത്ത ഉൾക്കൊള്ളാൻ കഴിയാഞ്ഞിട്ടോ കഴിഞ്ഞിട്ടും അത് ഉൾക്കൊള്ളാഞ്ഞിട്ടോ ഉൾക്കൊണ്ടാലും അതിനെ വിലമതിക്കാഞ്ഞിട്ടോ എന്തോ എവിടെയാണ് തെറ്റ് പറ്റിയത്? അതും അവിടുത്തേക്ക് മാത്രമറിയാം.

മനനം ചെയ്യുന്നവനാണ് മനുഷ്യൻ. എന്നാൽ എന്ത് ഉദ്ദേശ്യത്തിലാണോ ദൈവം അവന് ആ വിശേഷഗുണം നല്കിയത് അതിനെ തന്റെ കുത്സിതബുദ്ധിയിൽപ്പെടുത്തി നശിപ്പിക്കുകയാണ് മനുഷ്യൻ ചെയ്തത്. അതിലൂടെ ബുദ്ധിയെ വികലമാക്കി, സ്വാർത്ഥതയും കുടിലതയും വെളിവാക്കി, സ്പർദ്ധകളും യുദ്ധങ്ങളും ഉണ്ടാക്കി മനുഷ്യൻ യാത്രയാരംഭിച്ചു. ഒരുപക്ഷേ ഇതുകൊണ്ടാകാം അവിടുന്ന് പലപ്പോഴും സൂചിപ്പിക്കാറുള്ളത്, '*നിങ്ങൾ നിങ്ങളുടെ ബുദ്ധി ഇതിൽ കടത്തി ചിന്തിക്കരുത്*' എന്ന്. അനിഷേധ്യങ്ങളായ ദൈവഹിതങ്ങൾ അതേപടി നിറവേറ്റുക. അതാണല്ലോ അതിന്റെ മറുവശം. സ്വാർത്ഥരായ ഞങ്ങളുടെ ഹീനചിന്തകൾക്ക് ഗുരോ, മാപ്പ്!

മാപ്പ്! അതാണല്ലോ അവിടുന്ന് എല്ലാപേർക്കും എപ്പോഴും നിർലോഭം നല്കിക്കൊണ്ടിരിക്കുന്നതും. വേഷത്തിലും സംഭാഷണങ്ങളിലും മറ്റും കാണിക്കുന്ന വ്യഗ്രതയുടെയും നിഷ്കർഷയുടെയും സ്ഥാനത്ത് അവിടുത്തെ വചനങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവൃത്തി ചെയ്തിരുന്നെങ്കിൽ അവിടുത്തെ നൊമ്പരങ്ങൾക്ക് അല്പമെങ്കിലും ശമനമുണ്ടാകുമായിരുന്നേനെ.

അവിടുന്ന് എന്തുദ്ദേശ്യത്താലാണോ വന്നിട്ടുള്ളത് ആ ലക്ഷ്യത്തിന്റെ ബാലപാഠം പോലും പഠിച്ചുതുടങ്ങാത്തവരാണു ഞങ്ങൾ. അഗാധമായ സമുദ്രത്തിന്റെ നടുവിൽ കാറ്റിലും കോളിലും പെട്ട് തുഴപോലും നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥ. ഇവിടെ ഇങ്ങനെ ഈ അവസ്ഥയിൽ ഞങ്ങളെ ഉപേക്ഷിക്കരുതേ! ഈ സുദിനത്തിൽ ഈയൊരു പ്രാർത്ഥന മാത്രം. ലോകാന്ത്യംവരെ അവിടുന്ന് ഞങ്ങൾക്ക് മാർഗദീപമായി സ്ഥൂലത്തിലും സൂക്ഷ്മത്തിലും ഞങ്ങളോടൊപ്പം ഉണ്ടായിരിക്കേണമെ.

വെറും പന്ത്രണ്ട് ശിഷ്യർക്ക് ഗുരുവചനം നൂറ്റാണ്ടുകളോളം നിലനിർത്താൻ കഴിഞ്ഞെങ്കിൽ പന്തീരായിരത്തിൽപ്പരം കുടുംബങ്ങൾക്ക് ഈ യുഗാന്ത്യംവരെ ഇതു വ്യാപിപ്പിക്കുവാൻ തീർച്ചയായും കഴിയും. അതിന് അവിടുത്തെ അനുഗ്രഹം മാത്രം മതി. അതിനുള്ള ശക്തി ഞങ്ങൾക്കു പ്രദാനം ചെയ്ത് അതിനുവേണ്ടി പ്രാർത്ഥിക്കാനുള്ള ശേഷിയും മനസും തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമെ എന്ന പ്രാർത്ഥന അവിടുത്തെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു.

# ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ പുതിയ ചുമതല

| | |
|---|---|
| ജനനി ധീര ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ആണ്ടാർകൊട്ടാരം ബ്രാഞ്ച്. |
| ജനനി വിജയ ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, എറണാകുളം ഏരിയ (സിറ്റി) |
| ജനനി അഭേദ ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ചേർത്തല ഏരിയ |
| ജനനി അനവദ്യ ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) അഗ്രികൾച്ചർ |
| ജനനി ദിവ്യ ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) ഹ്യൂമൻ റിസോഴ്സസ്,<br>അഡീഷണൽ ചാർജ്- ജനറൽ അഡ്മിനിസ്ട്രേഷൻ, കമ്യൂണിക്കേഷൻസ് |
| ജനനി പൂജ ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോഴിക്കോട് ഏരിയ. |
| ജനനി കല്പന ജ്ഞാനതപസ്വിനി | - പ്രിൻസിപ്പൽ, ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂൾ |
| ജനനി ആദിത്യ ജ്ഞാനതപസ്വിനി | - ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആയുർവേദ ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| ജനനി നന്മപ്രിയ ജ്ഞാനതപസ്വിനി | - ഹെഡ്(സർവീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ്,<br>അഡീഷണൽ ചാർജ്- ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ ഗേൾസ് ഹോസ്റ്റൽ ആന്റ് ലേഡീസ് അക്കോമഡേഷൻ |
| ഡോ. സ്വാമി ഭാനുപ്രകാശ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആയുർവേദ ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,<br>അഡീഷണൽ ചാർജ്- (വെൽഫയർ സർവീസസ്) ഹ്യൂമൻ റിസോഴ്സസ്. |
| സ്വാമി തനിമോഹനൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, സുൽത്താൻ ബത്തേരി ബ്രാഞ്ച് |
| സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ്, പാലക്കാട്,<br>അഡീഷണൽ ചാർജ്- കോയമ്പത്തൂർ റീജിയൺ. |
| സ്വാമി മധുശ്രീ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഓലശേരി ബ്രാഞ്ച് |
| സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി | - പ്രിൻസിപ്പൽ, ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ,<br>അഡീഷണൽ ചാർജ്-പ്രോജക്റ്റ്സ്, ശാന്തിഗിരി ആശ്രമം, ഹൈദരാബാദ് റീജിയൺ. |
| സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വൈക്കം ഏരിയ |
| സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ,<br>അഡീഷണൽ ചാർജ്- ശാന്തിഗിരി ആശ്രമം, തിരുവനന്തപുരം ഏരിയ (റൂറൽ). |
| സ്വാമി മധുരനാദൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തലശേരി ഏരിയ. |
| സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ബംഗളുരു റീജിയൺ,<br>അഡീഷണൽ ചാർജ്- മൈസൂരു ഏരിയ. |
| സ്വാമി മനുചിത്ത് ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മലപ്പുറം ഏരിയ,<br>അഡീഷണൽ ചാർജ്- മൂവാറ്റുപുഴ ഏരിയ. |
| സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) മെറ്റീരിയൽസ് മാനേജ്മെന്റ്,<br>അഡീഷണൽ ചാർജ്- ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് സ്റ്റഡീസ്, ക്വാളിറ്റി അഷ്വറൻസ് |
| സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൃശൂർ ഏരിയ |
| സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോട്ടയം ഏരിയ. |
| സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം,<br>അഡീഷണൽ ചാർജ്- ഇൻഡസ്ട്രീസ്, സെക്യൂരിറ്റി, തിരുവനന്തപുരം ഏരിയ (സിറ്റി) |
| സ്വാമി ഭാസുര ജ്ഞാനതപസ്വി | - ഇൻ ചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ഏരിയ,<br>അഡീഷണൽ ചാർജ് -കരുനാഗപ്പള്ളി ഏരിയ |
| സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഓപ്പറേഷൻസ്,<br>അഡീഷണൽ ചാർജ്- സേഫ്റ്റി, എസ്റ്റേറ്റ്സ് ആന്റ് അസറ്റ്സ്. |
| സ്വാമി വത്സലൻ ജ്ഞാനതപസ്വി | - ഇൻചാർജ് (പബ്ലിക് റിലേഷൻസ്) ഓഫീസ് ഓഫ് ദി ഓർഗനൈസിംഗ് സെക്രട്ടറി. |
| സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഫുഡ് സർവീസസ് |
| സ്വാമി അർച്ചിത് ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മധുരൈ റീജിയൺ. |
| സ്വാമി മുക്തചിത്ത ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കന്യാകുമാരി ബ്രാഞ്ച് |
| സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ഏരിയ |
| സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഹരിപ്പാട് ബ്രാഞ്ച് |
| സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പത്തനംതിട്ട ഏരിയ |
| സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വടകര ഏരിയ |
| ജനനി തേജസ്വി ജ്ഞാനതപസ്വിനി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ച് |
| ഡോ. ജനനി ശ്യാമരൂപ ജ്ഞാനതപസ്വിനി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് |
| ജനനി കൃപ ജ്ഞാനതപസ്വിനി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി സോഷ്യൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,<br>അഡീഷണൽ ചാർജ്- വിശ്വസംസ്കൃതി കലാരംഗം, ശാന്തിഗിരി ഗുരുകാന്തി |
| ഡോ. ജനനി രമ്യപ്രഭ ജ്ഞാനതപസ്വിനി | - പഠനം |
| ജനനി നിത്യരൂപ ജ്ഞാനതപസ്വിനി | - ഇൻചാർജ് (സർവീസസ്) ശാന്തിഗിരി മുദ്രണാലയം. |
| ജനനി വിനയ ജ്ഞാനതപസ്വിനി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മധുരം ബേക്കറി,<br>അഡീഷണൽ ചാർജ്- (വെൽഫെയർ സർവീസസ്) ഹ്യൂമൻ റിസോഴ്സസ്. |
| ജനനി പ്രമീള ജ്ഞാനതപസ്വിനി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മാതൃമണ്ഡലം |
| ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി | - ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം |
| ജനനി മംഗള ജ്ഞാനതപസ്വിനി | - ഇൻചാർജ് (കോഡിനേഷൻ) ശാന്തിഗിരി സുഖം തരും പുടവ,<br>അഡീഷണൽ ചാർജ് - എനർജി ആന്റ് എൻവയേൺമെന്റ് |
| ജനനി പത്മപ്രിയ ജ്ഞാനതപസ്വിനി | - ന്യൂ ഗാർഡൻ |

## കോഡിനേറ്റർമാർ

| | |
|---|---|
| ഹരികൃഷ്ണൻ ജി. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കക്കോടി ബ്രാഞ്ച്,<br>അഡീഷണൽ ചാർജ്- കാസർഗോഡ് ഏരിയ |
| ബിജുമോൻ പി.എം. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കുമളി ഏരിയ,<br>അഡീഷണൽ ചാർജ്- ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധ ഹോസ്പിറ്റൽ കട്ടപ്പന, കമ്പം |
| ശ്രീജിത്ത് എം.വി. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊയിലാണ്ടി ഏരിയ,<br>അഡീഷണൽ ചാർജ്- കണ്ണൂർ ഏരിയ |
| ഗിരീഷ് ഇ. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ചേർത്തല ഏരിയ |
| വിവേക് എസ്. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ആലപ്പുഴ ഏരിയ (സിറ്റി),<br>അഡീഷണൽ ചാർജ്- പള്ളുരുത്തി ഏരിയ |
| അനൂപ് ടി.പി. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, എറണാകുളം ഏരിയ (സിറ്റി) |
| മനോജ് കുമാർ കെ.പി. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊല്ലം ഏരിയ (സിറ്റി) |
| മധുസൂദനൻ റ്റി.പി. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ഏരിയ |
| വിനോദ് കുമാർ പി.ആർ | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഹരിപ്പാട് ഏരിയ |
| രാജീവൻ ഒ.പി. | - കോഡിനേറ്റർ (ഫുഡ് സർവീസസ്) സ്പിരിച്വൽ സോൺ റസിഡൻസ് ബ്ലോക്ക് I (സന്ന്യാസീസ് റെസിഡൻസ്),<br>അഡീഷണൽ ചാർജ് -ഗുരുവിന്റെ ഉദ്യാനം എക്സ്റ്റൻഷൻ. |
| ബാബു ഇ.ഒ. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, രാമക്കൽമേട് ബ്രാഞ്ച്. |
| മഹേഷ് പി.പി. | - കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പാമ്പാടി ബ്രാഞ്ച്. |



# ശാന്തിഗിരി ഗുരുകാന്തി ഒരു വ്യാഴവട്ടത്തിലേക്ക്

**എജ്യൂക്കേഷൻ സോൺ:** ഗുരുവിന്റെ ആശയമനുസരിച്ച് കുട്ടികളെ വളർത്തുന്നതിനായി രൂപീകൃതമായിരിക്കുന്ന ശാന്തിഗിരി ഗുരുകാന്തി ഒരു വ്യാഴവട്ടത്തിലേക്ക് പ്രവേശിക്കുന്നു. 2006 നവംബർ 26 നാണ് ശാന്തിഗിരി ഗുരുകാന്തി സ്ഥാപിതമായത്. ആറു വയസു മുതൽ 12 വയസുവരെയുള്ള കുട്ടികളുടെ സ്വഭാവരൂപീകരണമാണ് ഗുരുകാന്തിയിൽ നടക്കുന്നത്. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിനാണ് ഗുരുകാന്തിയുടെ ചുമതല. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം രണ്ടു മണിക്കൂർ ഗുരുകാന്തി പ്രവർത്തിക്കും. അര മണിക്കൂർ നേരത്തെ പ്രാർത്ഥനക്ക് ശേഷം ട്യൂഷൻക്ലാസുകളും കായികവിനോദങ്ങളും നടക്കുന്നു.

ശനിയാഴ്ച ദിവസങ്ങളിലാണ് പ്രധാന ക്ലാസ്. രാവിലെ ഒൻപത് മണി മുതൽ വൈകുന്നേരം അഞ്ചു മണി വരെ ഗുരുകാന്തി ഉണ്ടായിരിക്കും. 9 മുതൽ 10 വരെ കുട്ടികളുടെ നേതൃത്വത്തിൽ പരിസര ശുചീകരണം, തുടർന്ന് ശ്രീഗുരുഗീത ഉൾപ്പെടെയുള്ള പഠന ക്ലാസുകളും ഗ്രൂപ്പ് ചർച്ചകളുമാണ് നടക്കുന്നത്. കുട്ടികളുമായി സംവദിക്കുന്നതിനു സന്ന്യാസിമാരും മറ്റ് വിശിഷ്ട വ്യക്തികളും ഗുരുകാന്തിയിലെത്തും. ഉച്ചയ്ക്ക് ശേഷം വിവിധ കലാ കായിക പരിശീലനങ്ങൾ, കരകൗശല പരിശീലനം തുടങ്ങിയവയാണ് നടക്കുന്നത്. ശനിയാഴ്ചകളിൽ കുട്ടികൾക്കുള്ള ഭക്ഷണം ഗുരുകാന്തിയിൽ നിന്ന് ലഭിക്കുന്നതാണ്.

ആശ്രമം ബ്രാഞ്ചുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേക്ക് ഗുരുകാന്തി കുട്ടികളുടെ തീർത്ഥയാത്ര ഇടയ്ക്ക് നടത്താറുണ്ട്. ആശ്രമത്തിലെ ആഘോഷസന്ദർഭങ്ങളോടനുബന്ധിച്ച് ശാന്തിഗിരി ഗുരുകാന്തി കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറുന്നുണ്ട്. ഗുരുകാന്തിയുടെ പ്രവർത്തന മേൽനോട്ടത്തിനായി ഒരു അദ്ധ്യാപക രക്ഷകർതൃ സമിതിയും പ്രവർത്തിച്ചു വരുന്നു. നിലവിൽ നൂറോളം കുട്ടികൾ പഠിക്കുന്നു. റ്റി.കെ. പ്രകാശൻ, എസ്. രാജീവ്, എ.കെ. ശാന്തകുമാരി, എസ്. ശിവചിത്ര, എൽ. സതി, എസ്.സൗമ്യകുമാരി, എൻ.പി. വസുമതി, സി. ആതിര, എൻ. അർച്ചന എന്നിവരാണ് ഗുരുകാന്തിയിലെ അദ്ധ്യാപകർ.


ഗുരുചരണം ശരണം

ശാന്തിഗിരി ഷോപ്പിംഗ് മാൾ

ഡോ. ബി. രാജ് കുമാർ BSc. BAMS

(റിട്ട.ഗവ. സീനിയർ മെഡിക്കൽ ഓഫീസർ)

എല്ലാ തിങ്കൾ, വ്യാഴം ദിവസങ്ങളിലും വൈകുന്നേരം അഞ്ചു മണി മുതൽ ശാന്തിഗിരി ഷോപ്പിംഗ് മാളിൽ രോഗികളെ പരിശോധിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും

8111882216




*തിരുവനന്തപുരത്ത് നടക്കുന്ന സ്റ്റുഡന്റ്സ് പോലീസ് മീറ്റിനു ക്ഷണിക്കാനായി ആശ്രമത്തിലെത്തിയ തിരുവനന്തപുരം എ.സി.പി. സുരേഷിനും സംഘത്തിനും 'പാഥേയം' നോട്ടീസ് കൈമാറുന്നു*

# ദിവംഗതയായി



സി. വിലാസിനി

**നഗരൂർ:** നെടുമ്പറമ്പ് നന്നായിവനം കൊട്ടിളക്കാട്ടിൽ വീട്ടിൽ ദിവംഗതനായ സുകുമാരന്റെ ഭാര്യ സി. വിലാസിനി (75) നവംബർ 19 ന് ദിവംഗതയായി. സംസ്കാരം നടന്നു. മക്കൾ: സി. ഭാസി (സീനിയർ ഡ്രൈവർ, ഓഫീസ് ഓഫ് ദി ജനറൽ സെക്രട്ടറി), ലിസി എസ്., ജിക്കി എസ്. മരുമക്കൾ: അംബിക, വി. ശശിധരൻ (സീനിയർ സൂപ്പർവൈസർ ശാന്തിഗിരി ആശ്രമം അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്), വി. സുരേഷ്. ചടങ്ങുകൾ ഡിസംബർ അഞ്ചിന് വീട്ടിൽ വച്ച് നടക്കും.



*ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻഎസ്എസ് യൂണിറ്റ് സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ നിന്ന്*

# രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ്. യൂണിറ്റ്, ആൾ കേരള ബ്ലഡ് ഡൊണേഷൻ സൊസൈറ്റിയുമായി ചേർന്ന് നവംബർ 24 ന് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. അദ്ധ്യാപകരും രക്ഷകർത്താക്കളും നാട്ടുകാരും അടങ്ങുന്ന 150 പേർ രക്തദാനം നടത്തി.

ശാന്തിഗിരി വാർഡ് മെമ്പർ ആർ. സഹീറത്ത് ബീവി, സ്കൂൾ വൈസ് പ്രിൻസിപ്പൽ എസ്.വി. ശ്രീജിത്ത്, കൺവീനർ പ്രേംദാസ്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എ. സജീർ തുടങ്ങിയവർ സംബന്ധിച്ചു. രക്തദാനം എന്ന ആശയം മുൻനിർത്തിയാണ് സ്കൂൾ എൻ.എസ്.എസ്. യൂണിറ്റ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്.



*നവംബർ 23 ന് എത്തിയ 'ഭാരതദർശൻ' യാത്രികർ ആശ്രമത്തിൽ*



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala